www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 41 ലക്കം 10 ഒക്ടോബർ 2026





ജപമാല രാജ്ഞി
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...




ഒഡിഷ മിഷൻ ഫ്ളാഗ് ഓഫ്



A photo of love & gratitude, they sent in return...


ozone
SALES | SERVICE | INSTALLATION | AMC
CCTV & SMART LOCK
HOME AUTOMATION
INVERTER & BATTERY
സോളാറിലേക്ക്
മാറൂ...
മെച്ചപ്പെട്ട
നാളെയ്ക്കായി!
വീടുകൾക്കും,
ബിസിനസുകൾക്കും
പരിസ്ഥിതി സൗഹൃദ
ഊർജ്ജ പരിഹാരങ്ങൾ
വൈദ്യുതി ബിൽ കുറയ്ക്കാം
പരിസ്ഥിതി സംരക്ഷിക്കാം
സ്വത്തിന്റെ മൂല്യം ഉയർത്താം
തടസ്സമില്ലാത്ത വൈദ്യുതി ലഭ്യമാക്കാം
നിങ്ങളുടെ
ഭവന സുരക്ഷക്കായി
50 ലക്ഷം
രൂപയുടെ
സൗജന്യ ഇൻഷുറൻസ്
പരിരക്ഷ
ഓൺ - ഗ്രിഡ്
ഓഫ് - ഗ്രിഡ്
ഹൈബ്രിഡ്
പ്രൊഫഷണൽ ഇൻസ്റ്റലേഷൻ
കസ്റ്റമർ സപ്പോർട്ട് & സർവ്വീസ്
വീടുകൾ
ബിസിനസുകൾ
സ്ഥാപനങ്ങൾ
Kalarickal New Bazar, Kothaikunnu Bypass, Thodupuzha - 685 584
Ernakulam | Pala | Ranni
M: 790 720 5 790, 9562 258 361
ozonebusinessline@gmail.com

സ്നേഹസ്മരണയ്ക്ക്......

# 4–ാം ചരമവാർഷികം



# സ്വീൻ ഷാജൻ

## കാക്കനൊട്ട് (പനന്താനം കുടുംബം)

### മുതലക്കോടം

ജനനം : 19–04–1995 മരണം : 24–10–2022

"ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും
എന്റെ സ്നേഹം നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമേ"

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം
04 ഇടവകവാർത്തകൾ
05 സംഘടനാവാർത്തകൾ
12 കുടുംബവാർത്തകൾ
13 പ്രധാന ദിനങ്ങൾ
14 ബൈബിൾ ക്വിസ്
15 വിശ്വാസ പഠനപരമ്പര
18 ചിത്രകഥ
19 തിരുവചനവായനകൾ

Patron Mar George Madathikandathil
Published on First Sunday of every month
Phone : 8281717867
E-mail : muthalakodam123@gmail.com

മാനേജിംഗ് എഡിറ്റർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ Mob : 9447400859
ചീഫ് എഡിറ്റേഴ്സ് ഫാ. അഗസ്റ്റിൻ നിരപ്പേൽ Mob : 9544616465
ഫാ. ജോസഫ് ചാരനാൽ Mob : 9188168183

എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ
സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച്
ശ്രീ. കുര്യാക്കോസ് കെ. കെ. കല്ലിങ്കക്കുടിയിൽ
ശ്രീ. സജി പള്ളിക്കുന്നേൽ
ശ്രീ. സിബി തുറയ്ക്കൽ
ശ്രീ. ജെയിംസ് കുന്നുമ്മേൽ



# വികാരിയച്ചന്റെ സന്ദേശം

ഈശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ, ഓക്ടോബർമാസത്തെ നാം ജപമാലമാസം എന്നാണല്ലോ വിശേഷിപ്പിക്കുന്നത്.

തന്റെ കുരിശിലെ ബലിയുടെ അവസാന നിമിഷങ്ങളിൽ കുരിശിന് സമീപം നിന്നിരുന്ന യോഹന്നാനോട് “ഇതാ നിന്റെ അമ്മ” (യോഹ: 19:26) എന്ന് പറഞ്ഞുകൊണ്ട് ഈശോ തന്റെ അമ്മയെ മനുഷ്യകുലത്തിന് മുഴുവനും അമ്മയായി നൽകുകയായിരുന്നു. കാലിത്തൊഴുത്തിന്റെ ഇല്ലായ്മ മുതൽ കാൽവരിക്കുരിശിന്റെ സഹനനിമിഷങ്ങൾ വരെ തന്റെ അമ്മയുടെ സാന്നിദ്ധ്യം തനിക്ക് എത്രമാത്രം ആശ്വാസം നൽകി എന്ന തിരിച്ചറിവിൽ നിന്നായിരിക്കാം പരിശുദ്ധ അമ്മയെ ഈ ലോകജീവിതയാത്രയിൽ മനുഷ്യരായ നമുക്ക് അമ്മയായി നൽകുവാൻ ഈശോ ശ്രദ്ധിച്ചത്. നമ്മുടെ ജീവിതത്തിലെ ഇല്ലായ്മയുടെയും സഹനത്തിന്റെയും നിമിഷങ്ങളിൽ അമ്മയുടെ മാധ്യസ്ഥ്യം ദൈവത്തിൽനിന്നും ആശ്വാസം നേടിത്തരും. സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ ഈ ലോകജീവിതയാത്രയിൽ നമുക്ക് മുൻപേ സ്വർഗ്ഗത്തിലേക്ക് കടന്നുപോയ അമ്മ നമുക്ക് മധ്യസ്ഥയും മാതൃകയുമാണ്. പരിശുദ്ധമറിയത്തിന്റെ പുണ്യജീവിത മാതൃക അനുകരിക്കുവാനും, കൂടുതൽ തീക്ഷ്ണതയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും ഈ മാസത്തിൽ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധ അമ്മയുടെ കരം പിടിച്ച് പ്രതിസന്ധികളുടെ നടുവിൽ നമ്മുടെ ജീവിതയാത്ര ദൈവഹിതപ്രകാരം സ്വർഗ്ഗോന്മുഖമായി നമുക്ക് നയിക്കാം.

തിരുസഭയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിപാലനയുടെ കീഴിൽ സാവധാനം രൂപപ്പെട്ടതും, അസംഖ്യം വിശുദ്ധന്മാർ സ്നേഹിച്ചതും, തിരുസഭയുടെ പ്രബോധനാധികാരം പ്രോത്സാഹിപ്പിച്ചതും, തികച്ചും വചനാധിഷ്ഠിതവുമായ ഒരു പ്രാർത്ഥനയാണ് ജപമാല. തിരുപ്പിറവി മുതൽ സ്വർഗ്ഗാരോപണം വരെ





രക്ഷാകര പദ്ധതിയുടെ ഭാഗമായിരുന്ന പരിശുദ്ധ അമ്മയുടെ കൂടെ ഈശോയുടെ ജീവിതരഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുകയാണ് ജപമാലപ്രാർത്ഥനയിൽ നാം ചെയ്യുന്നത്. ക്രൈസ്തവജീവിതത്തെ സ്വർഗ്ഗത്തോട് ചേർത്തുനിർത്തുവാനും വിശുദ്ധിയിൽ ഉറപ്പിക്കുവാനും ആത്മീയതീർത്ഥാടനത്തിൽ മുന്നേറുവാനും ജപമാല നമ്മെ സഹായിക്കും. വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ, മറിയത്തിന്റെ മടിയിലിരുന്നുകൊണ്ട് ഈശോയുടെ തിരുമുഖം ധ്യാനിക്കുന്ന ഈ പ്രാർത്ഥന തിന്മയ്ക്കെതിരെയുള്ള ശക്തമായ ആയുധമാണ്. പ്രതിസന്ധികളും, പകർച്ചവ്യാധികളും നിറഞ്ഞ ഈ സാഹചര്യത്തിൽ കൂടുതൽ തീക്ഷ്ണതയോടെ ജപമാല മാസാചരണം നമുക്ക് നടത്താം.

ഒക്ടോബർ മാസം മിഷൻഞായറായി നാം ആചരിക്കുക പതിവുണ്ടല്ലോ. കോതമംഗലം രൂപതയുടെ ചെറുപുഷ്പം മിഷൻ ലീഗിന്റെ നേതൃത്വത്തിൽ മിഷൻഞായർ ആചരണം ഇപ്രാവശ്യം ഒക്ടോബർ 18 ന് നമ്മുടെ ഇടവകയിൽ നടത്തപ്പെടുന്നു എന്നുള്ളത് നമ്മെ സംബന്ധിച്ച് വളരെ സന്തോഷമുള്ള കാര്യമാണ്. മനുഷ്യരക്ഷയെന്ന വലിയ ദൗത്യവുമായി ദൈവപിതാവിനാൽ ഈ ലോകത്തിലേക്ക് അയയ്ക്കപ്പെട്ട ഈശോ തന്നെയാണ് ആദ്യത്തെ മിഷനറി. സ്വപുത്രന്റെ പ്രേഷിതദൗത്യത്തിന് സമ്പൂർണ്ണ പിന്തുണ നൽകിയ പരിശുദ്ധ അമ്മയും ഒരു നല്ല മിഷനറിയായിരുന്നു. മാമ്മോദീസാ സ്വീകരിച്ച് തിരുസഭയിൽ അംഗങ്ങളായ നാം എല്ലാവരും മിഷനറിമാരാണ്. യേശുവിനെ ലോകത്തിന് പങ്കുവച്ചു നൽകുകയെന്ന നമ്മുടെ ജീവിതദൗത്യം പെരുമാറ്റം കൊണ്ടും, മാതൃകവഴിയും നിവർത്തിതമാക്കി ജീവിക്കുവാൻ മിഷൻഞായർ ആചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു.

1947 ഒക്ടോബർ 3-ാം തീയതി വി. അൽഫോൻസാമ്മയുടെ ജനനത്താൽ പവിത്രീകൃതമായ ഭരണങ്ങാനത്ത് ബഹു. മാലിപ്പറമ്പിൽ അച്ചന്റെയും കുഞ്ഞേട്ടൻ എന്ന് വിളിക്കപ്പെടുന്ന പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെയും നേതൃത്വത്തിൽ ആരംഭിച്ച ചെറുപുഷ്പ മിഷൻലീഗ്, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ അൽമായ സംഘടനയായി വളർന്നിരിക്കുകയാണ്. ഈ ആധുനിക കാലഘട്ടത്തിലും അനേകരെ പ്രേഷിതാഭിമുഖ്യമുള്ളവരാക്കി നിലനിർത്തുവാനും നമ്മുടെ കുഞ്ഞുങ്ങളെ ദൈവവിശ്വാസത്തിൽ

അടിയുറച്ചവരും തിരുസഭയോട് ചേർന്ന് നിൽക്കുന്നവരുമാക്കി വളർത്തുന്നതിലും ചെറുപുഷ്പ മിഷൻലീഗ് വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പ്രേഷിതപ്രവർത്തനവും ദൈവവിളി പ്രോത്സാഹനവും വ്യക്തിത്വവികാസവും ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള സംഘടനയെ നമ്മുടെ ഇടവകയിൽ കൂടുതൽ സജീവമായി നിലനിർത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്.

ജപമാലമാസത്തിൽ നാം ഓരോ കുടുംബത്തിലും ജപമാലപ്രാർത്ഥന മനോഹരമായി നടത്തണം. ഓരോ വ്യക്തിയും കൂടുതൽ ജപമാല ചൊല്ലി പ്രേഷിതപ്രവർത്തനവിജയത്തിനായി സമർപ്പിക്കണം. സീറോമലബാർ സഭയ്ക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. എതിർപ്പുകളെയും വെല്ലുവിളികളെയും അതിജീവിച്ച് മുന്നേറുവാൻ ദൈവകൃപയ്ക്കായി നാം പ്രാർത്ഥിക്കണം. മിഷൻ പ്രവർത്തനങ്ങളുടെ രാജ്ഞിയായ പരി. അമ്മയുടെ പ്രാർത്ഥനകളും നമ്മെ ബലപ്പെടുത്തട്ടെ.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ




**ജപമാല ക്രമീകരണം**

പരിശുദ്ധ ജപമാലപ്രാർത്ഥനക്കായി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ട മാസമാണ് ഒക്ടോബർ. മാതാവിനോടുള്ള ഭക്തിയിൽ വളരുവാനും ജപമാല ചൊല്ലി പ്രാർത്ഥിക്കുവാനും ഈ മാസം പ്രത്യേകമായി പരിശ്രമിക്കാം.

ഒക്ടോബർ 1-ാം തീയതി മുതൽ 30-ാം തീയതി വരെ പള്ളിയിൽ രാവിലെ 5. 45 ന് വി. കുർബാനയും ജപമാലയും പരിശുദ്ധ കുർബാനയുടെ ആശീർവാദവും തുടർന്ന് 7 മണിക്ക് വി. കുർബാനയും ഉണ്ടായിരിക്കും.

ഈ മാസത്തിൽ, നമ്മുടെ വാർഡുകളിലെ മൈക്രോ യൂണിറ്റുകളിൽ ജപമാല പ്രാർത്ഥനകൾ നടത്താൻ വാർഡ് പ്രസിഡണ്ടുമാർ മുൻകൈയെടുത്ത് കാര്യങ്ങൾ ക്രമീകരിക്കുമല്ലോ.







## സൺഡേ സ്കൂൾ

**സെപ്റ്റംബർ**

* മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ പ്രതിഭാസംഗമത്തിൽ ജോസഫ് ടോം കല്ലറയ്ക്കൽ രൂപതാപ്രതിഭയായും സ്നേഹ മരിയ വള്ളോപ്പിള്ളിൽ ഫൊറോനാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു.
* എട്ടുനോമ്പിനോട് അനുബന്ധിച്ച് കുട്ടികളുമായി നാകപ്പുഴ പള്ളിയിലേക്ക് തീർത്ഥാടനം നടത്തി.
* മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി ഓരോ ദിവസവും കുട്ടികൾക്ക് വിവിധങ്ങളായ ആക്ടിവിറ്റികൾ കൊടുത്തു.
* സെപ്റ്റംബർ മാസം 4-ാം തീയതി 5 മുതൽ 9 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് എസ്. ഡി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി.
* സെപ്റ്റംബർ മാസം 13-ാം തീയതി 10, 11, 12 ക്ലാസിലെ കുട്ടികൾക്ക് റവ. ഫാ. സിജോ CMI യുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി.
* സെപ്റ്റംബർ 14-ാം തീയതി വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിച്ചു.
* ഓണത്തോട് അനുബന്ധിച്ചുള്ള മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികൾക്ക് സമ്മാനവിതരണം നടത്തി.
* സെപ്റ്റംബർ മാസം 21-ാം തീയതി 1 മുതൽ 4 വരെയുള്ള ക്ലാസിലെ കുട്ടികൾക്കായി എസ്. എച്ച്. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അർദ്ധദിന സെമിനാർ നടത്തി.
* സെപ്റ്റംബർ 27 - ലോഗോസ് ക്വിസ്

**ഒക്ടോബർ**

* കൊന്തമാസ ആരംഭം
* ഒക്ടോബർ 1 - വി. കൊച്ചുത്രേസ്യായുടെ തിരുനാൾ
* ഒക്ടോബർ 4 - വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ
* ഒക്ടോബർ 11 - സൺഡേ സ്കൂൾ ഫസ്റ്റ് സെം എക്സാം.
* ഒക്ടോബർ 18 - മിഷൻ സൺഡേ
* ഒക്ടോബർ 29 - അദ്ധ്യാപക ക്വിസ് ഇടവക തലം
* കുട്ടികൾക്കായുള്ള മിഷൻ ക്വിസ്
* സെ എക്സാം രജിസ്ട്രേഷൻ ആരംഭം
* മിഷൻ സായാഹ്നം
* കൊന്തമാസവുമായി ബന്ധപ്പെട്ട് മാതാവിന്റെ വിവിധങ്ങളായ വേഷം ധരിച്ച കുട്ടികളുടെ സംഗമവും റാലിയും നടത്തും.

## കെ.സി.വൈ.എം

* 04-09-2026: പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി എക്സിക്യൂട്ടീവ് യോഗം ചേർന്നു.
* 06-09-2026: മദർ തെരേസാ ദിനാചരണത്തോടനുബന്ധിച്ച്, കെ.സി.വൈ.എം. അംഗങ്ങളെല്ലാവരും ലവ് ഹോം സന്ദർശിക്കുകയും പൊതിച്ചോർ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ, അന്തേവാസികൾക്കായി വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.
* 12-09-2026: കെ.സി.വൈ.എം. മൂവാറ്റുപുഴ ഫൊറോന സംഘടിപ്പിച്ച സ്പോർട്സ് മത്സരങ്ങളിൽ മുതലക്കോടം കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്തു.
* 13-09-2026: രൂപതാ കെ.സി.വൈ.എം. സംഘടിപ്പിച്ച 2K26 അരങ്ങ് സാഹിത്യ മത്സരത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു.

## മാതൃവേദി

* സെപ്റ്റംബർ 6-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.

**എട്ടുനോമ്പാചരണം:-**

* അമ്മമാർ എട്ടുനോമ്പ് എടുത്ത് വി. കുർബാനയിൽ സംബന്ധിക്കുകയും മരിയൻ തീർത്ഥാടനദേവാലയങ്ങൾ സന്ദർശിക്കുകയും ചെയ്തു. ഓഗസ്റ്റ് 30-ാം തീയതി മനോഗുണ മാതാവിന്റെ മണ്ണിലേക്ക് നടത്തിയ രൂപതാതല മരിയൻ തീർത്ഥാടനത്തിൽ അമ്മമാർ പങ്കെടുത്തു.

**ഓണാഘോഷം:-**

* ആനിമേറ്റർ സി. വിജിലിന്റെ നേതൃത്വത്തിൽ ഭാരവാഹികളും അമ്മമാരും വളരെ വിപുലമായ രീതിയിൽ യൂണിറ്റിൽ ഓണം ആഘോഷിച്ചു. അമ്മമാർ മൂന്നു ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. എല്ലാവർക്കും പായസം വിതരണം ചെയ്തു.

ഒക്ടോബർ മാസ സമ്മേളനം:-

04-10-2026 ആദ്യഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടും.





# പാവനസ്മരണയ്ക്ക്

## 2-ാം ചരമവാർഷികം



# മേരിക്കുട്ടി ജോർജ്

## മഷികല്ലേൽ

### മുതലക്കോടം

ജനനം: 07-09-1952 മരണം: 24-10-2024

"തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്"(സങ്കീ.115;16)

# 55 Years of Togetherness






"സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല.
ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല,
സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല." (1 കോരിന്തി 13:4-5)

## ജോസ് ജോർജ് & ഹെലൻ ജോസ്

ചെമ്പരത്തി

സെപ്റ്റംബർ 2, 1971


Holy Baptism
Eva Albin
PANAVILAKATHIL

സ്നേഹസ്മരണയ്ക്ക്......

# 10–ാം ചരമവാർഷികം



# മറിയക്കുട്ടി ആന്റണി
## കാരിക്കുഴിയിൽ
### മുതലക്കോടം

ജനനം: 15–12–1947 മരണം : 01–10–2016

"ഞാനാണ് പുനരുത്ഥാനവും ജീവനും;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ: 11:25)

## പിതൃവേദി

* എല്ലാ ഞായറാഴ്ച്ചകളിലും രോഗീസന്ദർശനം നടത്തുന്നു.

പതിവുപോലെ എല്ലാ ആദ്യ ശനിയാഴ്ച്ചകളിലും വൈകുന്നേരത്തെ വി. കുർബാനയ്ക്കുശേഷം പള്ളി ചുറ്റി ജപമാല പ്രദക്ഷിണം നടത്തുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുമല്ലോ.

* മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച്ച ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ കിടപ്പുരോഗികൾക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള സൗകര്യം ഒരുക്കുന്നു. പള്ളി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും കിടപ്പ് രോഗികൾ ഉണ്ടെങ്കിൽ പള്ളി ഓഫീസുമായി ബന്ധപ്പെട്ട് ഈ അവസരം പ്രയോജന പ്പെടുത്തുക.
* എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് 7 മണിക്ക് പള്ളി ചാപ്പലിൽ പിതൃവേദി അംഗങ്ങൾ പ്രാർത്ഥനാക്കൂട്ടായ്മ നടത്തുന്നു. ഈ പ്രാർത്ഥനാക്കൂട്ടായ്മയിലേക്ക് ഇടവകയിലെ എല്ലാ പിതാക്കന്മാരെയും സ്വാഗതം ചെയ്യുന്നു.
* മുതലക്കോടം ഇടവകയിൽ സമാഹരിച്ച നല്ലതും പുതിയതുമായ തുണിത്തരങ്ങൾ പിതൃവേദിയുടെ നേതൃത്വത്തിൽ മാതൃവേദിയുടെയും വിൻസന്റ് ഡി പോൾ വനിതാ വിഭാഗത്തിന്റെയും സഹകരണത്തോടെ 1700 kg ഒഡീഷയിലേക്കും 1000 kg ഛത്തീസ്ഗഡിലേക്കും കയറ്റി വിടുവാൻ സാധിച്ചു. സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി<br>സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* ഞായറാഴ്ച്ചകളിൽ രാവിലെ 8.30 ന് പ്രാർത്ഥനയോടുകൂടി അംഗങ്ങൾ ഒത്തുചേരുന്നു.
* അംഗങ്ങൾ ഭവനസന്ദർശനങ്ങൾ നടത്തുകയും രോഗികൾക്കും ദുരിതമനുഭവിക്കുന്നവർക്കും വേണ്ട സഹായങ്ങൾ നൽകുകയും ചെയ്യുന്നു.
* 2026 സെപ്റ്റംബർ 9, ഓസാനാം ദിനത്തിൽ അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.





* കോൺഫറൻസിന്റെ 75-ാം വാർഷിക സമാപനം സെപ്റ്റംബർ 13 ന് നടന്നു. വികാരി ജനറാൾ മോൺ. റവ. ഫാ. പയസ് മലേക്കണ്ടത്തിൽ ഉദ്ഘാടനം നടത്തുകയും സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പണി കഴിപ്പിച്ച ഭവനത്തിന്റെ താക്കോൽ ദാനം നടത്തുകയും ചെയ്തു. റവ. ഫാ. ഡോ. സ്റ്റാൻലി കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. കോൺഫറൻസിന്റെ ആദ്ധ്യാത്മിക ഉപദേഷ്ടാവും വികാരിയുമായ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ നൽകിയ പ്രോത്സാഹനത്തിനും പിന്തുണയ്ക്കും നന്ദി രേഖപ്പെടുത്തുന്നു.

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

* എല്ലാ തിങ്കളാഴ്ച്ചയും 10 30 AM ന് ജപമാലയോട് കൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
* എല്ലാ മാസവും 12 ദത്തുകുടുംബങ്ങൾക്കും 10 ദത്തുവിദ്യാർഥികൾക്കും സഹായം നൽകുന്നു.
* 04-09-2026 ൽ ഓസാനാം ഹോമിൽ വച്ച് വനിതാ സെമിനാർ നടത്തി. റവ. ഫാ. സ്റ്റാൻലി കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. അഗസ്റ്റിൻ നിരപ്പേൽ ക്ലാസ് നയിച്ചു. സെമിനാറിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.
* 04-09-2026 ന് ഓസാനാം ദിനം ആചരിച്ചു. അന്നേദിവസം എല്ലാ അംഗങ്ങളും ദിവ്യബലിയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.
* നാകപ്പുഴ സെന്റ്. മേരീസ് പള്ളിയിലേക്ക് നടത്തിയ മരിയൻ തീർത്ഥാടനത്തിൽ അംഗങ്ങൾ പങ്കെടുത്തു.
* ഏറ്റെടുത്ത വീടിന്റെ പണി പുരോഗമിക്കുന്നു.
* ഭവനസന്ദർശനം - 570
* രോഗീസന്ദർശനം - 244
* ദത്തുകുടുംബ സന്ദർശനം - 49
* വിശേഷാൽ സന്ദർശനം - 111
* പഠനസഹായം നൽകിയത് - Rs. 6000/-
* താൽകാലിക സഹായം - Rs. 15000/-

# കേരള ലേബർ മൂവ്മെന്റ് (KLM)

**ഗോവൻ തീർത്ഥാടനം**

ലോകപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ഗോവയിലെ വി. ഫ്രാൻസിസ് സേവ്യറുടെ ഭൗതീകശരീരം സൂക്ഷിച്ചിരിക്കുന്ന ബോം ജീസസ് ബസിലിക്കയിലേക്കുള്ള തീർത്ഥാടന യാത്ര ഓഗസ്റ്റ് 27-ാം തീയതി വികാരിയച്ചന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു. 28ന് രാത്രിയിൽ ഗോവയിൽ എത്തിച്ചേർന്നു. മണ്ഡോവി റിവർ ഡിന്നർ ക്രൂയിസ് ട്രിപ്പ് കഴിഞ്ഞ് എല്ലാവരും ഹോട്ടൽ മുറികളിൽ എത്തി. 29, 30, 31 തീയതികളിൽ ബോം ജീസസ് ബസിലിക്ക, ഓൾഡ് ഗോവയിലെ മറ്റ് പ്രധാനപ്പെട്ട ദേവാലയങ്ങൾ, ബീച്ചുകൾ, ഇന്ത്യൻ നേവി ഏവിയേഷൻ മ്യൂസിയം, പുരാതന പോർച്ചുഗീസ് കോട്ടകൾ, മറ്റു സുപ്രധാന ടൂറിസ്റ്റ് സ്ഥലങ്ങൾ എന്നിവ സന്ദർശിച്ചു. ഗോവൻ ഭക്ഷണരീതികളും പോർച്ചുഗീസ്-ഗോവൻ പൈതൃകവും സംസ്കാരവും അനുഭവിച്ചുള്ള സന്ദർശനങ്ങൾ യാത്രികർ ആവോളം ആസ്വദിച്ചു. ഓഗസ്റ്റ് 30 ന് രാവിലെ കലങ്കോട് പള്ളിയിലെ വി. കുർബാനയിൽ പങ്കെടുക്കുവാൻ സാധിച്ചു. ഗോവയെ കണ്ടറിഞ്ഞു നിറമനസ്സോടെ 31 ന് വൈകുന്നേരം 6 മണിയോടെ ഗോവയിൽ നിന്നും മടക്കയാത്ര ആരംഭിച്ചു. സെപ്റ്റംബർ 01 ന് വൈകുന്നേരം 7 മണിയോടുകൂടി യാത്രികർ എല്ലാവരും സുരക്ഷിതരായി മുതലക്കോടത്ത് എത്തിച്ചേർന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

* ഇന്ത്യൻ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു റാലി നടത്തി. കൈകളിൽ ത്രിവർണ പാതകയേന്തി ഗാന്ധിജി, ജവഹർ ലാൽ നെഹ്റു, ഇന്ദിരാഗാന്ധി, ഭാരതാംബ എന്നിവരുടെ വേഷത്തിൽ കുട്ടികൾ റാലിയിൽ അണിനിരന്നു.
* സെപ്റ്റംബർ 9-ാം തീയതി ഡയറക്ടേഴ്സ് ഡേയോടനുബന്ധിച്ച് ബഹുമാനപ്പെട്ട ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ, ബഹുമാനപ്പെട്ട ഫാ. ജെറിൽ നിരപ്പേൽ, ബഹുമാനപ്പെട്ട ഫാ. ജിതിൻ ചാരനാൽ എന്നിവർക്ക് ആശംസകൾ നേർന്നു.

* പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി 8 ദിനങ്ങളിൽ വിവിധ ആക്റ്റിവിറ്റികൾ മിഷൻലീഗ് അംഗങ്ങൾക്കായി നൽകുകയും ഓരോ ദിനവും മനോഹരമായി ചെയ്യുന്നവരിൽ നിന്ന് 35 പേരെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
* രണ്ടാം ശനിയാഴ്ച്ച ജപമാല റാലി നടത്തി. അതിനുശേഷം Mystery Hunt നടത്തി.
* ഉജ്ജൈൻ മിഷൻ രൂപതാ അംഗമായ ഫാ. അലൻ മുല്ലപ്പിള്ളിൽ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.
* CMI വൈദീകരുടെ നേതൃത്വത്തിൽ ഏകദിന ക്യാമ്പ് നടത്തി.

# കുടുംബവാർത്തകൾ



## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | റിയ വർഗീസ്<br>ജോൺസ് രാജു | കുരിശുങ്കൽ<br>വാണിയപ്പുരയ്ക്കൽ | മുതലക്കോടം<br>വെറ്റിലപ്പാറ | 24/08/2026 |
| 02 | സന്ദീപ് സാബു<br>അമല സണ്ണി | തുറയ്ക്കൽ<br>കുറ്റിക്കൽ | മുതലക്കോടം<br>പുറക്കാട് | 12/09/2026 |
| 03 | ജോബിൻ ജെയിംസ്<br>അമല | കൊച്ചുപറമ്പിൽ<br>പുളിക്കൽ | മുതലക്കോടം<br>നാകപ്പുഴ | 14/09/2026 |
| 04 | സാവിയോ ജോയ്<br>മരിയ | മറ്റപ്പള്ളിൽ<br>പെരുമ്പിള്ളിൽ | മുതലക്കോടം<br>കോതമംഗലം | 10/09/2026 |
| 05 | സാംസൺ ജോയ്<br>ജിറ്റി പി ജോൺ | മറ്റപ്പള്ളിൽ<br>പുത്തൻപുരയ്ക്കൽ | മുതലക്കോടം<br>പെരുംതുരുത്ത് | 16/09/2026 |
| 06 | ഇമ്മാനുവൽ<br>പ്രിൻസി | കുറ്റിക്കാട്ട്<br>കുന്നേക്കുടിയിൽ | മുതലക്കോടം<br>ചിറ്റൂർ | 13/09/2026 |
| 07 | അഭിജിത്<br>ശ്രുതി ബെന്നി | മതിയത്ത്<br>ഈഴക്കുന്നേൽ | കേളകം<br>മുതലക്കോടം | 19/09/2026 |

## പുതുമലരുകൾക്ക് സ്വാഗതം

വീട്ടുപേര് : കിഴക്കേൽ
മാമ്മോദീസാ പേര് : മാത്യു
വിളിപ്പേര് : ലിയം മാത്യു ഗിൽസ്
മാതാപിതാക്കൾ : ഗിൽസ് - സ്റ്റെഫി
മാമ്മോദീസാ : 24/08/2026

വീട്ടുപേര് : പിണക്കാട്ട്
മാമ്മോദീസാ പേര് : ജോർജ്
വിളിപ്പേര് : ജോനാ ഏദൻ ജിൻസ്
മാതാപിതാക്കൾ : ജിൻസ് - ജിന്നാ മേരി
മാമ്മോദീസാ : 01/06/2026

വീട്ടുപേര് : ആക്കപ്പടിക്കൽ
മാമ്മോദീസാ പേര് : മറിയം
വിളിപ്പേര് : റെബേക്കാ ജോൺ
മാതാപിതാക്കൾ : ലാലു - ഷാരോൺ
മാമ്മോദീസാ : 12/09/2026

വീട്ടുപേര് : കോട്ടൂർ
മാമ്മോദീസാ പേര് : തെരേസാ
വിളിപ്പേര് : ജിസെൽ ലിസ് പീറ്റർ
മാതാപിതാക്കൾ : ആഷിക് - മിന്റു
മാമ്മോദീസാ : 29/08/2026

വീട്ടുപേര് : വട്ടപ്പറമ്പിൽ
മാമ്മോദീസാ പേര് : റീത്ത മരിയ
വിളിപ്പേര് : നിതാര ആൽബിൻ
മാതാപിതാക്കൾ : ആൽബിൻ - നയന
മാമ്മോദീസാ : 14/09/2026

വീട്ടുപേര് : പനവിളാകത്ത്
മാമ്മോദീസാ പേര് : സാറാ
വിളിപ്പേര് : ഇവാ ആൽബിൻ
മാതാപിതാക്കൾ : ആൽബിൻ - അനുഷ
മാമ്മോദീസാ : 13/09/2026







# നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

റോസമ്മ വർഗീസ് (94)
പതിക്കപുത്തൻപുരയിൽ
സ്റ്റേഡിയം വാർഡ്
മരണം: 02/09/2026

മത്തായി സി ജെ (67)
ചോഴംചേരിൽ
പഴുക്കാകുളം കുരിശുപള്ളി വാർഡ്
മരണം: 04/09/2026

കുഞ്ഞുമോൻ ഡി (70)
മോളുവിള
പഴുക്കാകുളം ഈസ്റ്റ് വാർഡ്
മരണം: 05/09/2026

പി. വി. വക്കച്ചൻ (82)
പുൽഷറമ്പിൽ
കുന്നം കുരിശുപള്ളി വാർഡ്
മരണം: 17/09/2026

മാത്യു ഇ. വി. (62)
ഇടുക്കിട്ടിയിൽ
ഇടുക്കിട്ടി വാർഡ്
മരണം: 21/09/2026

## പ്രധാന ദിനങ്ങൾ - ഒക്ടോബർ

| | | |
|---|---|---|
| 01 | വ്യാഴം | വി. കൊച്ചുത്രേസ്യ |
| 02 | വെള്ളി | ആദ്യവെള്ളി, കാവൽ മാലാഖ തിരുനാൾ |
| 04 | ഞായർ | വി. ഫ്രാൻസിസ് അസ്സീസ്സി |
| 05 | തിങ്കൾ | വി. ഫൗസ്റ്റീന |
| 08 | വ്യാഴം | വി. ശിമയോൻ |
| 11 | ഞായർ | വി. ജോൺ 23-ാം പാപ്പ |
| 12 | തിങ്കൾ | വി. കാർലോ അക്യൂട്ടിസ് |
| 15 | വ്യാഴം | ആവിലായിലെ വി. ത്രേസ്സ്യ |
| 16 | വെള്ളി | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | ശനി | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 18 | ഞായർ | വി. ലൂക്കാ, മിഷൻ ഞായർ |
| 22 | വ്യാഴം | വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ |
| 28 | ബുധൻ | വി. ശിമയോൻ, വി. യൂദാതദ്ദേവൂസ് |

## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2026 ഒക്ടോബർ 1, 2, 3, 15, 16, 17**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com





## BIBLE QUIZ

ചോദ്യങ്ങൾ വി. ലൂക്കാ 21 മുതൽ 24 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 20.

1. അത്തിമരവും മറ്റു മരങ്ങളും തളിർക്കുമ്പോൾ എന്താണ് അടുത്തിരിക്കുന്നത്?
2. മനസ്സിനെ ദുർബലമാക്കുന്ന മൂന്ന് കാര്യങ്ങൾ?
3. പെസഹാ ഭക്ഷിക്കേണ്ടതിന് പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ട് ഈശോ പറഞ്ഞു. നിങ്ങൾ പട്ടണത്തിൽ പ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവനോട് എന്റെ ശിഷ്യന്മാരോട് കൂടെ ഞാൻ പെസഹാ ഭക്ഷിക്കുന്നതിനുള്ള വിരുന്നുശാല എവിടെയാണ് എന്ന് ചോദിക്കുക - ശരിയോ തെറ്റോ?
4. യേശുവിന്റെ കണ്ണുകൾ മൂടിക്കൊണ്ട് നിന്നെ അടിച്ചവൻ ആരെന്ന് പ്രവചിക്കുക എന്ന് പറഞ്ഞത് ആര്?
5. ആ ദിവസങ്ങളിൽ ഒരാൾ ജറുസലേമിൽ ഉണ്ടായിരുന്നു എന്ന് വചനം പറയുന്നുണ്ട്. അത് ആരാണ്?
6. ദൈവരാജ്യം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു എന്ന് ഒരു വ്യക്തിയെക്കുറിച്ച് വചനം പ്രതിപാദിക്കുന്നു. ഈ വ്യക്തി ആര്?
7. അവർക്കാകട്ടെ ഈ വാക്കുകൾ കെട്ടുകഥ പോലെയേ തോന്നിയുള്ളൂ. അവർ അവരെ വിശ്വസിച്ചില്ല. എന്നാൽ ഒരാൾ കല്ലറയിങ്കലേക്ക് ഓടി. - ഓടിയത് ആരാണ്?
8. എമ്മാവൂസ് ഗ്രാമം സ്ഥിതിചെയ്യുന്നത് ജെറുസലേമിൽ നിന്ന് എത്ര കിലോമീറ്റർ അകലെയാണ്?
9. യേശു തനിക്ക് വിശന്നപ്പോളാണ് ശിഷ്യന്മാരോട് ഇവിടെ ഭക്ഷിക്കാൻ എന്തെങ്കിലുമുണ്ടോ എന്ന് ചോദിച്ചത്. ശരിയോ തെറ്റോ?
10. ഭൂതത്തിന് ഇല്ല എന്ന് യേശു പറയുന്ന കാര്യങ്ങൾ എത്രയാണ്? എന്തൊക്കെയാണ്?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. (പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ) ഏകജാതൻ (യോഹ1: 18)
2. ബേത്സയ്ദാ (യോഹ1:44)
3. നഥാനയേൽ (യോഹ 1:47)
4. യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ (യോഹ 2:13)
5. സത്യം പ്രവർത്തിക്കുന്നവൻ (യോഹ 3:21)
6. സമരിയാക്കാരുടെ (യോഹ 4:42)
7. നാല് (യോഹ 11:17)
8. ലാസർ (യോഹ 12:10 11)
9. പതിനഞ്ച് (ഗലാ 1:18)
10. വിശ്വാസം (ഗലാ 3:11)
11. ദൈവപുത്രന്മാർ (ഗലാ 3:26)
12. ഹാഗാർ (ഗലാ 4:25)
13. ജഡമോഹങ്ങളെ (ഗലാ 5:16)
14. കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ (ഗലാ 6:14)
15. നന്മ (ഗലാ 6:9)

## കഴിഞ്ഞലക്കം വിജയികൾ

1. ജെസ്സി മാനുവൽ ചെമ്പരത്തി 2. റോസമ്മ പോൾ കൊച്ചുപറമ്പിൽ 3. മേരി ജോർജ് പാലക്കാട്ട് 4. മേരി ജോസഫ് ആർപ്പാമറ്റം പുത്തൻപുരയിൽ 5. മേഴ്സി കുര്യൻ ഇരണയ്ക്കൽ 6. സാന്റിമോൾ ആക്കപ്പടിക്കൽ 7. എൽസി ജോസഫ് കുന്നുമ്മേൽ 8. ടെസ്സി സെബാസ്റ്റ്യൻ കട്ടപ്പുറം 9. ബീന ജെയ്സൺ കൂട്ടുങ്കൽ 10. ഗ്രേസി ജോൺ തുറയ്ക്കൽ 11. മേഴ്സി സാന്റോ ചെമ്പരത്തി 12. അലീന സാന്റോ ചെമ്പരത്തി





# വിശ്വാസപഠന പരമ്പര

**1. എവിടെയാണ് കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത്? ആരാണ് പരികർമ്മം ചെയ്യുന്നത്?**

ഉ. തിരുസഭയിലാണ് കൂദാശകൾ പരികർമ്മം ചെയ്യപ്പെടുന്നത്. തിരുപ്പട്ടം സ്വീകരിച്ച പുരോഹിതനാണ് കൂദാശകൾ പരികർമ്മം ചെയ്യുന്നത്.

**2. കൂദാശകൾക്കായി ഒരുങ്ങുന്നത് എങ്ങനെയാണ്?**

ഉ. കൂദാശകൾക്കായി ഒരുങ്ങുന്നത് മൂന്നു തലങ്ങളിൽ ആണ് - ആത്മീയമായി, ഭൗതീകമായി, നയാമീകമായി.

* അത്മീയ ഒരുക്കം - കൂദാശ സ്വീകരിക്കുവാനായി പ്രാർത്ഥിച്ച് ഒരുങ്ങുന്നത്.

* ഭൗതീക ഒരുക്കം - വീട്ടുകാരെയും ബന്ധുക്കളെയും ക്ഷണിക്കുന്നത്.

* നയാമീക ഒരുക്കം - ആവശ്യമായ രേഖകളും ഓഫീസ് കാര്യങ്ങളും ക്രമീകരിക്കുന്നത്.

**3. മാമ്മോദീസയ്ക്ക് ഒരുക്കമായി വേണ്ട രേഖകൾ എന്തെല്ലാം?**

* തല തൊടുന്ന മാതാപിതാക്കൾ സ്വന്തം ഇടവകയിൽ നിന്നുള്ള NOC ഹാജരാക്കേണ്ടതാണ്.

* പള്ളി ഓഫീസിൽ നിന്ന് അപ്ലിക്കേഷൻ ഫോം വാങ്ങി ശ്രദ്ധാപൂർവ്വം പൂരിപ്പിക്കണം.

* മാമ്മോദീസയ്ക്ക് ശേഷം ഓഫീസിൽ നിന്ന് മാമ്മോദീസാ സർട്ടിഫിക്കറ്റ് വാങ്ങുക.

**4. വിവാഹത്തിന് ഒരുക്കമായി വേണ്ട രേഖകൾ എന്തെല്ലാമാണ്?**

* ഫ്രീ - സ്റ്റേറ്റ് സർട്ടിഫിക്കറ്റ്: കേരളത്തിന് പുറത്ത് ജോലി ചെയ്യുന്നവർ വികാരിയച്ചനെ കാണാൻ വരുമ്പോൾ ഫ്രീ- സ്റ്റേറ്റ് സർട്ടിഫിക്കറ്റ് കൊണ്ടുവരാൻ ശ്രദ്ധിക്കണം. സീറോ മലബാർ സഭയുടെ പള്ളികൾ ഉള്ള സ്ഥലങ്ങളിൽ അവിടുത്തെ വികാരിയച്ചന്റെ പക്കൽ നിന്നാണ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്.

* പ്രീ മാര്യേജ് കോഴ്സ്: സീറോ മലബാർ സഭയുടെ അംഗീകൃത പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് വികരിച്ചന്റെ പക്കൽ നൽകണം. ഓഫ്-ലൈൻ കോഴ്സിൽ ആണ് പങ്കെടുക്കേണ്ടത്.

* അന്വേഷണ ഫോം പൂരിപ്പിക്കുക: പള്ളി ഓഫീസിൽ നിന്ന് അന്വേഷണ





ഫോം വാങ്ങി സത്യസന്ധമായി, ശ്രദ്ധയോടെ പൂരിപ്പിക്കുക. പൂരിപ്പിച്ച ശേഷം വികാരിയച്ചന്റെ മുമ്പിൽ ബൈബിളിൽ കൈ വച്ച് സത്യം ചെയ്ത ശേഷം ഫോം സമർപ്പിക്കുക.

രണ്ടു കത്തോലിക്കാ വിശ്വാസികൾ തമ്മിലുള്ള വിവാഹം ആണെങ്കിൽ സാധാരണ ക്രമപ്രകാരം നീങ്ങുക. അല്ലെങ്കിൽ, ആവശ്യമായ അനുവാദങ്ങൾ വാങ്ങേണ്ടതാണ്. വിവാഹത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ കുറികൾ താഴെ പറയുന്നവയാണ്.

* ഫോം A - മനസ്സമ്മതക്കുറി - മനസ്സമ്മതം സാധാരണഗതിയിൽ പെൺകുട്ടിയുടെ പള്ളിയിലാണ് നടത്തപ്പെടുന്നത്. വരന്റെ പള്ളിയിൽ നിന്നാണ് വധുവിന്റെ പള്ളിയിലേക്ക് കുറി നൽകേണ്ടത്. മറ്റൊരു പള്ളിയിലാണ് മനസ്സമ്മതം നടക്കുന്നതെങ്കിൽ വരന്റെയും വധുവിന്റെയും പള്ളിയിൽ നിന്ന് കുറി നൽകണം.

* ഫോം B - മനസ്സമ്മതത്തിനു ശേഷം വിവാഹ പരസ്യങ്ങൾക്ക് വേണ്ടി നൽകുന്ന കുറിയാണിത്. മൂന്ന് പ്രാവശ്യമാണ് വിളിച്ചു ചൊല്ലുന്നത്. മനസ്സമ്മതത്തിനു മുമ്പ് വിളിച്ച് ചൊല്ലാൻ അനുവാദം നൽകേണ്ടത് വരന്റെയോ വധുവിന്റെയോ വികാരിയച്ചൻ ആണ്.

* ഫോം C - ദേശക്കുറി അഥവാ കെട്ടുകുറി - വിവാഹത്തിന് വധുവിന്റെ പള്ളിയിൽ നിന്ന് നൽകേണ്ട കുറിയാണിത്. വരന്റെ ഇടവകയിൽ അല്ല വിവാഹം നടത്തുന്നതെങ്കിൽ രണ്ടു പേരുടെയും ഇടവകയിൽ നിന്ന് കെട്ടുകുറി വിവാഹം നടത്തുന്ന ഇടവകയിലേക്ക് നൽകണം.

* ഫോം D - വിവാഹം നടത്തിയെന്ന അറിയിപ്പ് വധുവിന്റെ പള്ളിയിലേക്ക് നൽകുന്ന കുറിയാണിത്. മറ്റൊരു പള്ളിയിലാണ് വിവാഹം നടത്തിയതെങ്കിൽ വരന്റെയും വധുവിന്റെയും പള്ളിയിലേക്ക് കുറി നൽകണം.

* ഫോം E - വധുവിന്റെ പള്ളിയിൽ വിവാഹക്കാര്യം രേഖപ്പെടുത്തി എന്ന അറിയിപ്പ് വരന്റെ പള്ളിയിലേക്ക് നൽകുന്ന കുറി.

**5. തിരുസ്സഭയുടെ നാലാമത്തെ കല്പന വഴി ഉദ്ദേശിക്കുന്നത് എന്ത്?**

“വിലക്കപ്പെട്ട കാലത്ത് വിവാഹം ആഘോഷിക്കുകയോ തിരുസ്സഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്” - നോമ്പുകാലത്തിന്റെ ചൈതന്യവും വിവാഹജീവിതത്തിന്റെ ഭദ്രതയും കാത്തുസൂക്ഷിക്കുകയെന്നതാണ് ഈ കല്പന വഴി തിരുസ്സഭ ഉദ്ദേശിക്കുന്നത്. മംഗളവാർത്താക്കാലത്തും നോമ്പുകാലത്തും, അതായത്

മംഗളവാർത്ത ഒന്നാം ഞായർ മുതൽ പിറവിവരെയും, അമ്പതുനോമ്പാരംഭം മുതൽ ഉയിർപ്പുവരെയും ആണ് വിവാഹാഘോഷങ്ങൾ മുടക്കപ്പെട്ടിരിക്കുന്നത്. നോമ്പുകാലങ്ങൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുമായി പ്രത്യേകം നീക്കിവയ്ക്കപ്പെട്ടിട്ടുള്ളവയാണ്. അവയുടെ ചൈതന്യത്തിന് വിവാഹാഘോഷങ്ങൾ തടസ്സമാകുന്നതുകൊണ്ടാണ് തിരുസ്സഭ ഈ കാലങ്ങളിൽ അതു മുടക്കിയിരിക്കുന്നത്.


സെന്റ് ജോർജ് : 8
റവ. ജയ്സൺ കൊച്ചുവീടൻ
ഇവൻ ഭാവിയിൽ നമുക്ക് ഭീഷണിയാകും.
സൈന്യാധിപൻമാരിൽ അസൂയ നിറഞ്ഞു.
കൊടിയ വിഷമാണിത്.
ലവർണിയ കുന്നുകളിലെ ഘോരസർപ്പങ്ങളുടെ വിഷം.
കൊല്ലണം
ജോർജിന്റെ മാതാവ് മകൻ വധിക്കപ്പെടുവാൻ പോകുന്നതായി സ്വപ്നം കണ്ടു.
വിഷം കലർത്തിയ വീഞ്ഞ് ജോർജ് ശത്രുക്കളെറിയാതെ നശിപ്പിച്ചു.



# തിരുവചന വായനകൾ

## ഒക്ടോബർ 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>1 കോറി<br>5:9-13,<br>6:9-11<br>ലൂക്കാ<br>17:20-25 | **2**<br>2 പത്രോ<br>3:1-7<br>ലൂക്കാ<br>17:26-35 | **3**<br>2 പത്രോ<br>3:10-13<br>മത്താ<br>4:12-17 |
| **4**<br>ഹെബ്രാ<br>1:1-4<br>യോഹ<br>12:27-36 | **5**<br>1 യോഹ<br>4:1-6<br>യോഹ<br>3:31-36 | **6**<br>ഹെബ്രാ<br>2:5-10<br>ലൂക്കാ<br>14:7-11 | **7**<br>ഫിലി<br>1:19-26<br>യോഹ<br>13:31-35 | **8**<br>ഫിലി<br>2:5-11<br>യോഹ<br>17:1-8 | **9**<br>റോമാ<br>8:12-17<br>യോഹ<br>17:9-19 | **10**<br>2 കോറി<br>3:12-18<br>യോഹ<br>17:20-26 |
| **11**<br>ഹെബ്രാ<br>10:19-25<br>മത്താ<br>25:31-46 | **12**<br>1 കോറി<br>15:29-34<br>യോഹ<br>5:24-29 | **13**<br>റോമാ<br>3:1-8<br>ലൂക്കാ<br>15:11-32 | **14**<br>ഹെബ്രാ<br>12:25-29<br>മർക്കോ<br>13:24-31 | **15**<br>1 പത്രോ<br>1:13-21<br>മത്താ<br>15:1-9 | **16**<br>1 തെസ<br>5:1-11<br>മത്താ<br>24:43-51 | **17**<br>2 പത്രോ<br>3:14-18<br>ലൂക്കാ<br>14:15-24 |
| **18**<br>1 തെസ<br>4:13-18<br>ലൂക്കാ<br>21:20-28 | **19**<br>ഫിലി 4:1-9<br>ലൂക്കാ<br>21:29-36 | **20**<br>വെളി<br>14:6-13<br>മത്താ<br>3:1-12 | **21**<br>യാക്കോ<br>1:12-18<br>ലൂക്കാ<br>15:1-10 | **22**<br>ഫിലി<br>2:12-18<br>ലൂക്കാ<br>13:22-30 | **23**<br>എഫേ<br>2:1-10<br>യോഹ<br>12:44-50 | **24**<br>ഫിലി<br>1:27-2:4<br>ലൂക്കാ<br>9:49-56 |
| **25**<br>1 തെസ<br>5:12-24<br>മത്താ<br>12:22-32 | **26**<br>2 തെസ<br>2:1-12<br>മത്താ<br>24:1-8 | **27**<br>2 കോറി<br>11:12-15<br>മത്താ<br>24:23-28 | **28**<br>2 പത്രോ<br>2:1-10<br>മർക്കോ<br>13:1-8;21-23 | **29**<br>യൂദാ<br>1:8-16<br>ലൂക്കാ<br>11:37-44 | **30**<br>2 കോറി<br>12:14-15;<br>19-21<br>ലൂക്കാ<br>11:45-54 | **31**<br>1 കോറി<br>3:10-17<br>മത്താ<br>13:34-43 |





സ്നേഹസ്മരണയ്ക്ക്......

# 14-ാം ചരമവാർഷികം



# പൗളി ഷാജു

## വെളിയത്തുപറമ്പിൽ

മരണം: 10-10-2012

"ഞാനാണ് പുനരുത്ഥാനവും ജീവനും;
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25)

സ്നേഹസ്മരണയ്ക്ക്....

# 2-ാം ചരമവാർഷികം



# ജോസ് മാനുവൽ

## നെടുംചാലിൽ

### മുതലക്കോടം

ജനനം: 12-09-1954  മരണം: 10-10-2024

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)






**KLM യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന ഗോവൻ തീർത്ഥാടനം**




വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ
75–ാം വാർഷിക സമാപനം വികാരി ജനറാൾ മോൺ. ഡോ.പയസ് മലേക്കണ്ടത്തിൽ
ഉദ്ഘാടനം ചെയ്യുന്നു.



കോതമംഗലം രൂപതയുടെ കോർപ്പറേറ്റ് ഏജൻസിയിലെ മികച്ച
ഹയർ സെക്കന്ററി സ്കൂളായി തെരഞ്ഞെടുക്കപ്പെട്ട മുതലക്കോടം
സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിന് ലഭിച്ച അവാർഡ്
രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിന്നും
ബഹുമാനപ്പെട്ട വികാരിയച്ചനും അദ്ധ്യാപകരും ചേർന്ന് ഏറ്റുവാങ്ങുന്നു.